# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 340** **14-07-2015 ലെ മറുപടിയ്ക്ക്**

## ചിട്ടി സെക്യൂരിറ്റി തുകയ്ക്ക് പലിശ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. രാജു എബ്രഹാം** | | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) | ചിട്ടി സെക്യൂരിറ്റി തുകയ്ക്ക് പലിശ ലഭിക്കാത്തതുമൂലം കെ.എസ്.എഫ്.ഇ.ക്ക് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ)യും (ബി)യും | നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കാവുന്നതല്ല. ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾക്കുള്ള പലിശ, ചിട്ടി തീരുന്നമുറയ്ക്ക് കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിക്കുന്നുണ്ട്. ഇതുമൂലം വായ്പയും മറ്റും നൽകുന്നതിൽ കുറവുണ്ടായിട്ടില്ല. |
| (ബി) | സാധാരണക്കാർക്കും ഗ്രാമീണർക്കുമടക്കം സാമൂഹ്യ ബാദ്ധ്യതയുടെ ഭാഗമായി ലോണും മറ്റും നൽകുന്നതിന് ഇതുമൂലം കുറവുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | കെ.എസ്.എഫ്.ഇ.യുടെ ചിട്ടി സെക്യൂരിറ്റി തുക ഗാരന്റി നൽകി ഏതെങ്കിലും സ്ഥാപനത്തിന് ലോൺ ലഭ്യമാക്കുകയുണ്ടായോ; വിശദമാക്കാമോ; | (സി) | കെ.എസ്.എഫ്.ഇ.യുടെ ചിട്ടി സെക്യൂരിറ്റി തുക ഗാരന്റി നൽകി ഒരു സ്ഥാപനത്തിനും ലോൺ ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ചിട്ടിയുടെ സെക്യൂരിറ്റി തുകയ്ക്ക് പലിശ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | ചിട്ടി സെക്യൂരിറ്റി നിക്ഷേപത്തിനുള്ള പലിശ, ചിട്ടി തീരുന്നമുറയ്ക്ക് കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിക്കുന്നുണ്ട്. ചിട്ടി സെക്യൂരിറ്റി തുകയ്ക്കുള്ള പലിശ പ്രതിമാസം ലഭിക്കുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |

Jayesh

സെക്ഷൻ ഓഫീസർ.